തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# നാൽപ്പത്തിമൂന്നാമത് നിർവാഹകസമിതി യോഗതീരുമാനങ്ങൾ

## തിരൂർ, 2019 ഡിസംബർ 28, രാവിലെ 10.00 മണി

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
3. ശ്രീമതി ഗീത കെ. (അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യവകുപ്പ്)
4. ശ്രീ വിജയകുമാർ ആർ. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്)
5. ഡോ. സി.പി. ചിത്രഭാനു
6. ഡോ. എ.കെ. നമ്പ്യാർ
7. ഡോ. സി. രാജേന്ദ്രൻ
8. ഡോ. സി.പി. അച്യുതനുണ്ണി
9. ശ്രീ മുസമ്മിൽ കെ. (വിദ്യാർത്ഥി പ്രതിനിധി)

ഡോ. ഇ. രാധാകൃഷ്ണൻ (രജിസ്ട്രാർ ഇൻ- ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

രാവിലെ 10.15 ന് യോഗനടപടികൾ ആരംഭിച്ചു. യോഗനടപടികൾ ആംരഭിക്കുന്നതിനു മുന്നോടിയായി ഫാക്കൽറ്റി ഉപദേശകസമിതിയുടെ ചെയർമാൻമാരായി ബഹു. ചാൻസലർ നിയമിച്ച ഡോ. കെ.കെ.എൻ. കുറുപ്പ്, ഡോ. സി. രാജേന്ദ്രൻ എന്നിവരെ നിർവാഹകസമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യം വൈസ് ചാൻസലർ റിപ്പോർട്ട് ചെയ്തു.

കവിതാരചനക്ക് സംസ്ഥാന സർക്കാരിന്റെ 'ഭരണഭാഷാ പുരസ്കാരം 2019' ലഭിച്ച സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി യായ ശ്രീമതി കെ. ഗീതയെ യോഗം അഭിനന്ദിച്ചു.

### തീരുമാനങ്ങൾ

**1/43** **42-ാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം 1/43 : നാൽപത്തിരണ്ടാമത് നിർവാഹകസമിതി യോഗതീരുമാനങ്ങൾ താഴെപ്പറയുന്ന ഇനം തീരുമാനങ്ങളിൽ വരുത്തിയ ഭേദഗതികളോടെ സ്ഥിരീകരിച്ചു.

തീരുമാനം 6/42:

പരീക്ഷാവിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് (1, 3), (2, 4) സെമസ്റ്റർ പരീക്ഷകളുടെ സന്ദർഭങ്ങളിലെ അധികജോലിഭാരം കണക്കിലെടുത്ത് പ്രത്യേക അലവൻസായി 2000 രൂപ വീതം പരീക്ഷാ കൺട്രോളറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണെന്ന തീരുമാനത്തിൽ "2017-18 അക്കാദമിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കണമെന്ന്" കൂട്ടിച്ചേർത്തു.

തീരുമാനം 13/42:

ഡിജിറ്റൈസേഷൻ നടപടികൾ അംഗീകരിച്ചുകൊണ്ട് എടുത്ത തീരുമാനത്തിൽ "സി.സി.ടി.വി, പഞ്ചിങ് എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തുമ്പോൾ വിദ്യാർത്ഥികൾ, അധ്യാപകർ, അനധ്യാപകർ എന്നിവരുമായി ചർച്ച നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ വൈസ് ചാൻസലറെ യോഗം ചുമതലപ്പെടുത്തി" എന്ന ഭാഗം കൂടി കൂട്ടിച്ചേർത്തു.

തീരുമാനം 38/42:

ശ്രീ അക്കിത്തം (കവിത), ശ്രീ സി. രാധാകൃഷ്ണൻ (കഥാസാഹിത്യം), പ്രൊഫ. സ്കറിയ സക്കറിയ (നിരൂപണം) എന്നിവർക്ക് ചാൻസലറുടെ സ്ഥിരീകരണത്തിന് വിധേയമായി ഓണററി ബിരുദം നൽകുവാനുള്ള നിർവാഹകസമിതിയുടെ തീരുമാനം സ്ഥിരീകരിച്ചതോടൊപ്പം "വടക്കുങ്ങര മുഹമ്മദ്കുട്ടി എന്ന വി.എം. കുട്ടി (മാപ്പിളപ്പാട്ട്)ക്കു" കൂടി ഓണററി ഡി.ലിറ്റ് ബിരുദം നൽകണമെന്ന ഭേദഗതി അംഗീകരിച്ചു.

**2/43 മുൻതീരുമാനങ്ങളിലുള്ള തുടർനടപടികൾ**

തീരുമാനം 2/43 : മുൻ തീരുമാനങ്ങളിലുള്ള തുടർനടപടി സംബന്ധിച്ച റിപ്പോർട്ട് അംഗീകരിച്ചു.

**3/43 വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം 3/43 : വൈസ് ചാൻസലറുടെ റിപ്പോർട്ടിൻമേൽ നടന്ന വിശദമായ ചർച്ചകൾക്കു ശേഷം യോഗം അത് അംഗീകരിച്ചു.

**4/43 മലയാളസർവകലാശാലയിലെ അദ്ധ്യാപകർക്ക് 2016 ലെ യു.ജി.സി. ശമ്പളം നടപ്പിലാക്കുന്നത് സംബന്ധിച്ച്**

(2840/യു.ജി.സി. 7-ാം ശമ്പളപരിഷ്കരണം/19/അക്കൗണ്ട്സ്)

തീരുമാനം 4/43 : സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറക്ക് കേരള സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയ യു.ജി.സി.യുടെ ഏഴാമത് ശമ്പളപരിഷ്കരണ ഉത്തരവ് (ജി.ഒ. (പി) നമ്പർ 18/2019/ഉ.വി.വ തീയതി 29.06.2019) തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 5/43 | | **2019-20 വർഷത്തെ പുതുക്കിയ ബജറ്റ് സംബന്ധിച്ചുള്ള റിപ്പോർട്ട്**<br>(ഫിനാൻസ് വിഭാഗം) |
| തീരുമാനം 5/43 | : | 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ച് പൊതുസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു. |
| 6/43 | | **2017 -19 അക്കാദമിക് വർഷത്തിൽ പഠനം പൂർത്തിയാക്കി പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദവും, എം.ഫിൽ വിദ്യാർത്ഥികൾക്ക് ബിരുദവും നൽകുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട്**<br>(126/2019/പ.വി(1) പരീക്ഷാ വിഭാഗം) |
| തീരുമാനം 6/43 | : | 2017-19 അധ്യയന വർഷത്തിൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ 118 വിദ്യാർത്ഥികൾക്ക് ബിരുദാനന്തരബിരുദവും, 15 എംഫിൽ വിദ്യാർത്ഥികൾക്ക് എംഫിൽ ബിരുദവും, പ്രബന്ധസമർപ്പണവും പൊതുസംവാദവും കഴിഞ്ഞ 2 പിഎച്ച്.ഡി. ഗവേഷകർക്ക് ഡോക്ടറേറ്റ് ബിരുദവും നൽകുന്നതിനുള്ള ശുപാർശ പൊതുസഭയിൽ അവതരിപ്പിക്കുവാൻ തീരുമാനിച്ചു. |
| 7/43 | | **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയും കേരള ആയുർവേദപഠന സൊസൈറ്റിയും തമ്മിൽ മാനുസ്ക്രിപ്റ്റ് പഠനത്തിനായി ധാരണാപത്രം ഒപ്പു വെക്കുന്നത് സംബന്ധിച്ച്**<br>(2489/എ1/2019/അഡ്മിൻ - ഭരണവിഭാഗം) |
| തീരുമാനം 7/43 | : | കരട് ധാരണാപത്രവും സ്റ്റാന്റിങ് കോൺസലിന്റെ നിയമോപദേശവും പരിഗണിച്ച് നിർവാഹകസമിതിയോഗത്തിൽ അവതരിപ്പിച്ച ധാരണാപത്രത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തണമെന്ന് യോഗം തീരുമാനിച്ചു.<br><br>1. ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ പഠനവിധേയമാക്കുന്ന മലയാളസർവകലാശാലയുടെ പൂർണ ഉടമസ്ഥതയിലുള്ള താളിയോല ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം, വിതരണം, പകർപ്പവകാശം, ബൗദ്ധികസ്വത്തവകാശം, പേറ്റന്റ് എന്നിവ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.<br><br>2. പൈതൃകമ്യൂസിയം / മാനുസ്ക്രിപ്റ്റ് ലൈബ്രറിയിലേക്ക് പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ / അദ്ധ്യാപകരുടെ / മറ്റു വ്യക്തികളുടെ വിശദവിവരപ്പട്ടിക മുൻകൂറായി സർവകലാശാലാ രജിസ്ട്രാർക്ക് കൈമാറേണ്ടതാണ്.<br><br>3. മലയാളസർവകലാശാലയിലെ വിദഗ്ദ്ധരായ അദ്ധ്യാപക - അനദ്ധ്യാപകരുടെ സേവനം വിട്ടുനൽകുമ്പോൾ സർവകലാശാലയിൽ അവർ ചെയ്തുവരുന്ന ദൈനംദിന കൃത്യനിർവഹണത്തെ പ്രതികൂലമായി ബാധിക്കുവാനോ സർവകലാശാലയ്ക്ക് യാതൊരു വിധത്തിലുള്ള സാമ്പത്തികബാദ്ധ്യത വരുത്തുവാനോ പാടുള്ളതല്ല. |

4. ഈ ധാരണാപത്രത്തിലെ ഏതെങ്കിലും വ്യവസ്ഥ വ്യവസ്ഥാപിതമായ രീതിയിലല്ലാതെ ഏകപക്ഷീയമായി ഇതിൽ ഒപ്പുവെച്ചിട്ടുള്ള ഏതെങ്കിലും കക്ഷി ലംഘിക്കുകയാണെന്ന് വരുകിൽ അതുമൂലം എതിർ കക്ഷിക്കുണ്ടായേക്കാവുന്ന സാമ്പത്തികവും മറ്റ് തരത്തിലുള്ളതുമായ എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും നിയമാധിഷ്ഠിതമായ മാർഗ്ഗത്തിലൂടെ നഷ്ടപരിഹാരം വസൂലാക്കുന്നതിന് അർഹതയും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| **8/43** | **ലൈബ്രറിയുടെ പ്രവർത്തനസമയം രാത്രി 9 മണി വരെയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ലൈബ്രറി ജീവനക്കാർക്ക് 150 രൂപ പ്രകാരം പ്രത്യേക അലവൻസ് നൽകുവാൻ വൈസ് ചാൻസലർ എടുത്ത തീരുമാനം റിപ്പോർട്ട് ചെയ്യൽ.** (2537/എ2/2019/അഡ്മിൻ - ഭരണവിഭാഗം) |
| തീരുമാനം 8/43 : | രാത്രി 9 മണി വരെ ലൈബ്രറിയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് പ്രതിദിനം 150 രൂപ പ്രകാരം പ്രത്യേക അലവൻസ് നൽകുവാൻ വൈസ് ചാൻസലർ എടുത്ത തീരുമാനം അംഗീകരിച്ചു. |
| **9/43** | **പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുന്നത് സംബന്ധിച്ചുള്ള പഠനത്തിന് രൂപീകരിച്ചിട്ടുള്ള ഉപസമിതിയുടെ റിപ്പോർട്ട് സംബന്ധിച്ച്** (874/എ1/2019/അഡ്മിൻ - ഭരണവിഭാഗം) |
| തീരുമാനം 9/43 : | പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തി ഉപസമിതിയുടെ കൺവീനർ ഡോ. സി.പി. ചിത്രഭാനു അവതരിപ്പിച്ച റിപ്പോർട്ട് യോഗം വിശദമായി ചർച്ച ചെയ്തു അംഗീകരിച്ചതോടൊപ്പം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു. |

1. പൈതൃകമ്യൂസിയം ഒഴികെയുള്ള മുഴുവൻ പ്രോജക്ടുകളുടേയും പ്രവർത്തനങ്ങളുടെ ഫലമായി കൈവരിക്കേണ്ട നേട്ടം / ഉല്പന്നം ലഭിച്ചുവെന്ന് അതത് പ്രോജക്ടിന്റെ ചുമതലക്കാർ ഉറപ്പാക്കേണ്ടതാണ്. ഉൽപ്പന്നങ്ങൾ അടിയന്തിരമായി പ്രോജക്ടിന്റെ ചുമതലപ്പെട്ടവർ സർവകലാശാലാ രജിസ്ട്രാർക്ക് കൈമാറേണ്ടതാണ്. പ്രോജക്ടുകളുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും ചെലവ് സംബന്ധിച്ച രേഖകളും ഓഡിറ്റിങ്ങിനു വിധേയമാക്കേണ്ടതുമാണ്.

2. റിപ്പോർട്ടിലെ ശുപാർശകൾ കണക്കിലെടുത്ത് സമഗ്രമായി അന്വേഷണം ഏർപ്പെടുത്തുവാൻ തീരുമാനിച്ചു. അതിന് നിർവാഹകസമിതിയിലെ രണ്ട് അംഗങ്ങൾ, ധനവിനിയോഗ രംഗത്ത് പ്രാവീണ്യമുള്ള ഫിനാൻസ് ഓഫീസർ തലത്തിൽ ജോലി ചെയ്യുന്ന ഒരാൾ, കമ്പ്യൂട്ടർ സാങ്കേതികതയിൽ പ്രാവീണ്യമുള്ള ഒരു ഭാഷാവിദഗ്ദ്ധൻ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് രൂപം നൽകാൻ വൈസ് ചാൻസലറെ യോഗം ചുമതലപ്പെടുത്തി.

3. സമഗ്ര മലയാള ഓൺലൈൻ നിഘണ്ടു പ്രോജക്ടിനുവേണ്ടി സർവകലാശാലാ ഫണ്ടിൽ നിന്നും ഭീമമായ തുക (47 ലക്ഷം രൂപ) ചെലവഴിച്ചിട്ടും യാതൊരുവിധ ഫലവും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇതി

നുത്തരവാദികളായവരെ കണ്ടെത്തി അവർക്കെതിരെ, സർവകലാശാലാ സ്റ്റാന്റിങ് കോൺസലിൽ നിന്നും നിയമപരമായ ഉപദേശം തേടിയ ശേഷം, നോട്ടീസ് നൽകി വിശദീകരണം വാങ്ങേണ്ടതും അത് നിർവാഹകസമിതിയുടെ പരിഗണനക്ക് സമർപ്പിക്കേണ്ടതുമാണ്..

4. പൈതൃക മ്യൂസിയം സംസ്ഥാനത്തെ ഏറ്റവും മികവുറ്റ ഒരു കേന്ദ്രമാക്കി സംഘടിപ്പിച്ച് പ്രവർത്തനം സജ്ജമാക്കുന്നതിന് കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയം, സംസ്ഥാന സാംസ്കാരിക വകുപ്പ്, മറ്റു ഫണ്ടിങ് ഏജൻസികൾ എന്നിവയുമായി ബന്ധപ്പെടേണ്ടതാണെന്ന് തീരുമാനിച്ചു. പൈതൃകമ്യൂസിയം പ്രോജക്ടിന്റെ പ്രവർത്തനത്തിനുവേണ്ടി ഒരു ഉപദേശകസമിതിക്കു രൂപം നൽകാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

5. ഭാവിയിൽ പ്രോജക്ടുകളുടെ രൂപീകരണം, അവയുടെ നടപ്പിലാക്കൽ, മേൽനോട്ടം ഇത്യാദി കാര്യങ്ങൾക്കുവേണ്ടി ഒരു പ്രോജക്ട് സെൽ രൂപീകരിക്കുവാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി

**10/43** **പരീക്ഷാഭവൻ ഡിജിറ്റൈസ് ചെയ്യുന്നതിന് കാലിക്കറ്റ് സർവകലാശാല സൗജന്യമായി കൈമാറിയിട്ടുള്ള സോഫ്റ്റ് വെയർ സംബന്ധിച്ചുള്ള റിപ്പോർട്ടും തുടർപ്രവർത്തനങ്ങളും**

(1220/2019/പ.വി. - ഭരണവിഭാഗം)

തീരുമാനം 10/43 : റിപ്പോർട്ട് അംഗീകരിച്ചു.

**11/43** **വൈക്കം മുഹമ്മദ് ബഷീർ സാഹിത്യ ഫണ്ട് രൂപീകരിക്കുന്നതിനായി തുക സ്ഥിരനിക്ഷേപമായി തിരൂർ സബ് ട്രഷറിയിൽ നിക്ഷേപിച്ചതിന് നിർവാഹകസമിതിയുടെ സാധൂകരണം തേടുന്നു.**

(ഫിനാൻസ് വിഭാഗം)

തീരുമാനം 11/43 : അംഗീകരിച്ചു.

അജണ്ട അവസാനിച്ചതിനെ തുടർന്ന് യോഗം 12 മണിക്കു അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്